**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1616** **11-09-2023 - ൽ മറുപടിയ്ക്ക്**

**പാട്ട ഭൂമി തിരിച്ച പിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ച പിടിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ വിഷയത്തിൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ സെക്ഷൻ 15 (4), 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവു ചട്ടങ്ങളിലെ സെക്ഷൻ 17, 1957 ലെ കേരള ഭൂസംരക്ഷണ നിയമം, എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br><br>പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടം റദ്ദ് ചെയ്ത 1957-ലെ ഭൂസംരക്ഷണ നിയമ പ്രകാരം ടി ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.<br><br>കൂടാതെ, നിയമാനുസൃത നോട്ടീസ് നല്കി പാട്ടക്കുടിശ്ശിക ഒടുക്കുന്നതിനുള്ള അവസരം നൽകിയിട്ടും തുക ഒടുക്കാത്ത കേസുകളിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനും പാട്ടം റദ്ദ് ചെയ്ത സർക്കാർ അധീനതയിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി കൈവശം വെച്ചിരിക്കുന്ന കേസുകളിലും പാട്ടം റദ്ദ് ചെയ്ത സർക്കാർ അധീനതയിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ എത്ര ഹെക്ടർ ഭൂമി ഈ സർക്കാർ നാളിതുവരെ പിടിച്ചെടുത്തുവെന്നും ഇനി പിടിച്ചെടുക്കാനുള്ളവയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ; | (ബി) | അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമി പിടിച്ചെടുക്കുന്നതിൽ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് എത്രത്തോളം ഭൂമിയും കോടതി വ്യവഹാരങ്ങളും നിലവിലുണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ സ്വീകരിച്ച വരുന്ന തുടർ നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | അനുബന്ധം 2 ആയി ചേർക്കുന്നു. ഇത് കൂടാതെ ഹാരിസൺ മലയാളം ഉൾപ്പെടെയുള്ള കമ്പനികളുടെ കൈവശത്തിലിരിക്കുന്ന പാട്ടക്കാലാവധി കഴിഞ്ഞതും അനധികൃതമായി കൈവശം വെച്ചിരിക്കുന്നതുമായ ഭൂമി തികിച്ച പിടിക്കുന്നതിന് 06.06.2019- ലെ സ.ഉ. (കൈ) 172/2019/റവ. ഉത്തരവ് പ്രകാരം നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. നാളിതുവരെ 13 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| ക്രമ. നം | ജില്ല | ഈ സർക്കാർ നാളിതുവരെ പിടിച്ചെടുത്ത ഭൂമി (ഹെക്ടർ) | നടപടിയിലിരിക്കുന്ന തിൽ ഇനി പിടിച്ചെടുക്കാനുള്ള ഭൂമിയുടെ വിശദാംശം |
|---|---|---|---|
| 1 | തിരുവനന്തപുരം | 0.1341 | 4 കേസുകളിൽ LC ബുക്ക് ചെയ്തു തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | കൊല്ലം | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | 2.46.45 ഹെക്ടർ പിടിച്ചെടുക്കാനുണ്ട്. |
| 3 | പത്തനംതിട്ട | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | |
| 4 | ആലപ്പുഴ | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | |
| 5 | കോട്ടയം | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | |
| 6 | ഇടുക്കി | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | പിടിച്ചെടുക്കാനുള്ളവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 7 | എറണാകുളം | 1.69.19 | 11 കേസുകളിലായി 2.6761 H വസ്തു തിരിച്ചെടുക്കാനുണ്ട്. |
| 8 | തൃശ്ശൂർ | 0.9308 | 0.1367 ഹെക്ടർ ഭൂമി പിടിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പാട്ട കാലാവധി കഴിഞ്ഞ 6.2028 ഹെക്ടർ ഭൂമിക്ക് പാട്ടം പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 9 | പാലക്കാട് | 0.0917 | 1) M/s Usha Breco എന്ന സ്ഥാപനത്തിന്റെ പാട്ടം സർക്കാർ റദ്ദ് ചെയ്തതിനാൽ ടി |

| | | | |
|---|---|---|---|
| | | | വിവരത്തിനായി നോട്ടീസ് നൽകിയിട്ടുണ്ട്.<br>2)നിള ഹോസ്പിറ്റലിനു പാട്ടത്തിനു അനുവദിച്ച പട്ടാമ്പി താലൂക്കിലെ 0.0470 ഹെക്ടർ പുഴ പുറമ്പോക്ക് ഭൂമി പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഒഴിയാത്തതിനാൽ ഭൂസംരക്ഷണ നിയമപ്രകാരം തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 10 | മലപ്പുറം | 0.81 | 1) തിരൂർ താലൂക്കിലെ മംഗലം വില്ലേജിൽ സർവ്വേ 16/6B നമ്പരിൽപ്പെട്ട 96 സെന്റ് ഭൂമി<br>2) മംഗലം വില്ലേജിലെ 18/1A സർവ്വേ നമ്പറിൽപ്പെട്ട 24 സെന്റ് ഭൂമി<br>3) ഏറനാട് താലൂക്കിൽ ജില്ലാ സ്പോർട്സ് ക്ലബിന് അനുവദിച്ച 2.79 ഏക്കർ ഭൂമി |
| 11 | കോഴിക്കോട് | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | |
| 12 | വയനാട് | ഭൂമി തിരിച്ചു പിടിച്ചിട്ടില്ല | വയനാട് പ്രസ് ക്ലബ്ബ് സ്ഥിതി  ചെയ്യുന്ന 5 സെന്റ് വസ്തു, മാനന്തവാടി വില്ലേജിൽ ആർ.ഡി.ഒ.യുടെ ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന മിൽമ പാർലർ പ്രവർത്തിക്കുന്ന 0.5 |

| | | | |
|---|---|---|---|
| | | | സെൻ്റ് വസ്തു എന്നിവ തിരിച്ച് പിടിക്കാനുണ്ട്. |
| 13 | കണ്ണൂർ | | അത്തരം ഭൂമി ഇല്ല |
| 14 | കാസർകോട് | | അത്തരം ഭൂമി ഇല്ല |

അനുബന്ധം -2

| ക്രമ നം. | ജില്ല | കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് ഭൂമി (ഹെക്ടർ) | കോടതി വ്യവഹാരങ്ങളുടെ വിശദാംശം |
|---|---|---|---|
| 1 | തിരുവനന്തപുരം | 2.32.09 ഹെക്ടർ | രണ്ടു കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നു. |
| 2 | കൊല്ലം | 2.46.45 ഹെക്ടർ | ഒൻപതു കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നു. സർക്കാർ അഭിഭാഷകർ മുഖേന കേസ് നടത്തി ടി വസ്തു സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 3 | പത്തനംതിട്ട | 1) 0.178 (17.80 ആർ)<br>2) 3.9725 | 1) CSI ചർച്ചിന് റാന്നി താലൂക്കിൽ അനുവദിച്ച 17.80 ആർ ഭൂമിയുടെ പാട്ടം റദ്ദു ചെയ്തതും WP(C) 11728/2015 നിലവിൽ ഉള്ളതുമാണ്.<br>2) കലഞ്ഞൂർ വില്ലേജിൽ രാമകൃഷ്ണക്കുറുപ്പ് എന്നവർക്ക് അനുവദിച്ച 3.9725 ഹെക്ടർ വസ്തു ഏറ്റെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ WP(C) 24163/19 കേസ് ഫയൽ ചെയ്തിട്ടുള്ളതും സ്റ്റേ നിലനിൽക്കുന്നതുമാണ്. |
| | | | 1) ചേർത്തല താലൂക്കിൽ മക്ഡോവൽ കമ്പനിക്ക് അനുവദിച്ചിരുന്ന 1.09 ഹെക്ടർ ഭൂമി കസ്റ്റഡിയിൽ എടുക്കുന്നതിനുള്ള സർക്കാർ |

| | | | |
|---|---|---|---|
| 4 | ആലപ്പുഴ | 1.4039 | ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ WP(C) 2665/2020 കേസ് നിലനിൽക്കുന്നു.<br>2) ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ Block 1 റീ.സ. 39 ൽ പെട്ട 0.3139 ഹെക്ടർ വസ്തുവിന്റെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനുള്ള ഉത്തരവിനെതിരെ ടി സ്ഥാപനം ബഹു.ഹൈക്കോടതിയിൽ WP (C) 43/2023 ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നു. |
| 5 | കോട്ടയം | | 5 കേസുകൾ സർക്കാർ അഭിഭാഷകനുമായി ചർച്ച ചെയ്ത് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | ഇടുക്കി | 0.0068 | തൊടുപുഴ താലൂക്ക് തേനം കുന്ന് പള്ളിയുമായി ബന്ധപ്പെട്ട് WP(C) 21830/2023 ൽ കോടതി സ്റ്റേ ഉള്ളതാണ്. ടി സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 7 | എറണാകുളം | 143.27.41 | 17 കേസുകൾ നിലനിൽക്കുന്നു. സ്റ്റേ ഉള്ള കേസുകളിൽ ആയത് ഒഴിവാക്കുന്നതിനായി AG യുടെ കാര്യാലയത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 8 | തൃശ്ശൂർ | 1) 0.0881 തൃശ്ശൂർ താലൂക്ക്<br><br>2) 12.37 ചാലക്കുടി താലൂക്ക് | 1) തൃശ്ശൂർ മുൻസിഫ് കോടതിയിൽ OS 99/2018, IA-438/2018<br>2) ചാലക്കുടി താലൂക്കിൽ വൈഗ ത്രെഡ്സ് എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന് നൽകിയ ഭൂമി കർണാടക ഹൈക്കോടതിയിലെ ഒഫീഷ്യൽ ലികിഡേറ്ററുടെ അധീനതയിൽ ഉള്ളതും ആയതു സംബന്ധിച്ച ക്ലെയിം പെറ്റീഷൻ ബഹു.കർണാട ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനായി എ.ജി.ക്കു കത്ത് നൽകിയിട്ടുണ്ട്. ടി കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | പാലക്കാട് | | WP (C) 25213/2016 നിള ഹോസ്പിറ്റലിനു പാട്ടത്തിനു അനുവദിച്ച പട്ടാമ്പി താലൂക്കിലെ 0.0470 ഹെക്ടർ പുഴ പുറമ്പോക്ക് ഭൂമി പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഒഴിയാത്തതിനാൽ ഭൂസംരക്ഷണ നിയമപ്രകാരം തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനെതിരെ ഫയൽ ചെയ്ത കേസിൽ സ്റ്റേ നിലനിൽക്കുന്നു. |
| 10 | മലപ്പുറം | 1.62 (3.99 ഏക്കർ) | 1) ജില്ലാ സ്പോർട്സ് ക്ലബ്ബ് ഫയൽ ചെയ്ത WP (C) 17019/2020<br>2) WP(C) 20399/13, WP(C) 30841/12 എന്നീ കേസുകളിലെ ഹൈക്കോടതി വിധികളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| 11 | കോഴിക്കോട് | | നാല് ഹൈക്കോടതി കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | എ.ജി.യുടെ കാര്യാലയം മുഖേന ആവശ്യമായ രേഖകൾ കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |
| 12 | വയനാട് | 0.00203 (0.5 സെന്റ്) | WP(C) 6122/2015 കേസ് നിലനിൽക്കുന്നു. |
| 13 | കണ്ണൂർ | അത്തരം കേസുകളില്ല | അത്തരം കേസുകളില്ല |
| 14 | കാസർകോട് | 0.085 | തളങ്കര വില്ലേജിൽ മാലിക് ദിനാർ ട്രസ്റ്റിന് അനുവദിച്ച ഭൂമി WP(C)28718/2021 കേസ് നിലനിൽക്കുന്നു. |